LIBRARY ARCHIVES Kerala Legislative Assembly

അവകാശ സംരക്ഷണ നിയമത്തിനും നയത്തിനും വിധേയമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. വിദഗ്ധ സമിതി രൂപീകരിക്കാൻ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. പഠന റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകൾ നിലവിലുള്ള ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ നിയമത്തിനും നയത്തിനും വിധേയമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിൽനിന്നുള്ള ആനുകൂല്യങ്ങൾ

203(1188) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദുർബ്ബലർക്കും അവശത അനുഭവിക്കുന്നവർക്കും രോഗികൾക്കും സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും ക്ഷേമ പദ്ധതികളും അവയ്ക്കുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു *.

(സി) വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പദ്ധതികളും പെൻഷനുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) വകുപ്പിന്റെ കീഴിലുള്ള ക്ഷേമപദ്ധതികളും പെൻഷനുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര സർക്കാർ ഉത്തരവുകൾ പുറത്തിറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന പെൻഷൻ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കുന്നില്ല. ക്ഷേമപദ്ധതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*.

വിവിധ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ ഒഴിവുകൾ

204(1189) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നീ തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച കണക്ക് പ്രോജക്ട് തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ എന്നുമുതൽ ഉള്ളതാണെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് 258 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലായി 1319 അങ്കണവാടി വർക്കർ തസ്തികകളും 4922 അങ്കണവാടി ഹെൽപ്പർ തസ്തികകളും ഒഴിഞ്ഞുകിടപ്പുണ്ട്. പ്രസ്തുത ഒഴിവുകളുടെ പ്രോജക്ട്തല വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് *.

(ബി) നൂറുകണക്കിന് ഒഴിവുകൾ ഉണ്ടായിട്ടും സമയബന്ധിതമായി ഇതിൽ നിയമനം നടത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഓണറേറിയം വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന അങ്കണവാടി പ്രവർത്തകരുടെ നിയമനങ്ങൾ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടേയും ഐ.സി.ഡി.എസ്. മാന്വലിന്റേയും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് നടന്നുവരുന്നത്. നിയമനാധി കാരിയായ ശിശുവികസന പദ്ധതി ഓഫീസർ അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികയിലുണ്ടാകുന്ന സ്ഥിരം ഒഴിവുകളിൽ സ.ഉ.(സാധാ) നമ്പർ 254/2018/ സാനീവ.,30-4-2018-ലെ മുൻഗണന റൊട്ടേഷൻ മാനദണ്ഡം അനുസരിച്ചാണ് നിയമിച്ചുവരുന്നത്. ടി പത്ത് വിഭാഗങ്ങൾ ഇനി പറയുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly